# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5825</u> <u>28/03/2018-ൽ മറുപടിക്ക്</u>

**ജുവനൈൽ പ്രമേഹം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ സി. മമ്മൂട്ടി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | ജുവനൈൽ പ്രമേഹം ബാധിച്ച കുട്ടികളുടെ എണ്ണം വർധിച്ച് വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) | ജുവനൈൽ ഡയബറ്റിസ് ഇൻസുലിന്റെ അഭാവം കൊണ്ട് ജനനത്തിൽ തന്നെ ഉണ്ടാകുന്ന ഒരു രോഗമാണ്. ഈ രോഗം കണ്ടെത്തിയാലും ചികിത്സ ആജീവനാന്ത കാലത്തോളമുള്ള ഇൻസുലിൻ ചികിത്സയാണ്. വേദനാജനകവും ചെലവേറിയതുമായ ഈ ചികിത്സ സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ഭാരം വർധിപ്പിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. സംസ്ഥാന സർക്കാരിന്റെ സാമൂഹിക നീതി വകുപ്പ് "മിഠായി" എന്ന പേരിൽ 18 വയസു വരെയുള്ള കുട്ടികൾക്ക് സൗജന്യമായി ഇൻസുലിനും CGM (Continuous Glucose Monitor) ..ഉം അത്യാവശ്യമുള്ള കുട്ടികൾക്ക് ഇൻസുലിൻ പമ്പും നൽകുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| സി) | പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റ് തസ്തികയിലെ കുറവ് പരിഹരിച്ച് ഈ മേഖലയിലെ ചികിത്സ ഫലപ്രദമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) | ജുവനൈൽ ഡയബറ്റിസ് ചികിത്സ ഇപ്പോൾ നൽകിവരുന്നത് ശിശുരോഗ വിഭാഗത്തിലെ ഡോക്ടർമാരുടെ മേൽ നോട്ടത്തിലാണ്. ഈ മേഖലയിലെ വിദഗ്ധരായ പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല . |

സെക്ഷൻ ഓഫീസർ